## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### അമ്പലപ്പുഴ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ പദ്ധതികൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4675

05.02.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം അമ്പലപ്പുഴ ബ്ലോക്കിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതെല്ലാം; ഇതിൽ പൂർത്തീകരിക്കാനാകാതെ 'ടെർമിനേറ്റ്' ചെയ്ത പ്രവൃത്തികൾ ഏതെല്ലാം; ഇനിയും പൂർത്തീകരിക്കാൻ കഴിയുന്ന പ്രവൃത്തികൾ ഏതെല്ലാം; വിശദാംശങ്ങൾ നൽകുമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ? | (ബി) | പി.എം.ജി.എസ്.വൈ പദ്ധതിയിൽ അനുമതി ലഭിച്ച് ഏറ്റെടുത്ത യാതൊരു പ്രവൃത്തിയും പൂർത്തീകരിക്കുവാൻ ബാക്കിയില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

പി.എം.ജി.എസ്.വൈ പദ്ധതിയിൽ അനുമതി ലഭിച്ച് ഏറ്റെടുത്ത യാതൊരു പ്രവൃത്തിയും പൂർത്തീകരിക്കുവാൻ ബാക്കിയില്ല. ആകയാൽ, പൂർത്തീകരിക്കാനാവാതെ ടെർമിനേറ്റ് ചെയ്ത പ്രവൃത്തികളും ഇല്ല. എന്നാൽ പദ്ധതിയുടെ VI-ാം ഘട്ടത്തിൽ അനുമതി ലഭിച്ച താഴെപ്പറയുന്ന റോഡുകൾക്ക് പലതവണ ടെണ്ടർ ക്ഷണിച്ചെങ്കിലും കരാർ ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാൽ ഇവ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| നം. | റോഡിൻെറ പേര് | നീളം (കി.മീ) | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | കളിത്തട്ട് കിഴക്ക് - തൈവേലിക്കകം | 1.70 | 79.75 |
| 2 | പുന്തല ഇല്ലിച്ചിറ - പള്ളിച്ചിറ | 2.04 | 113.15 |
| 3 | പുന്നൂരം - പള്ളാത്തുരുത്തി | 2.00 | 155.20 |

## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### കാസർഗോഡ് ജില്ലയിലെ പി.എം.ജി.എസ്.വൈ. റോഡുകൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4676

05.02.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഈ സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിൽ എത്ര റോഡുകൾക്കാണ് അനുമതി ലഭ്യമായിട്ടുള്ളത്; റോഡുകളുടെ പേര് വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ലഭ്യമാക്കാമോ; | (എ) | 28 റോഡുകൾക്കാണ് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുള്ളത്. റോഡുകളുടെ പേര് വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ റോഡുകൾക്ക് അനുമതി ലഭിക്കുന്നതിലേക്കായി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ റോഡുകളാണ് ഉള്ളതെന്ന് അറിയിക്കാമോ? | (ബി) | പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഇതേ സാമ്പത്തിക വർഷം തന്നെ രണ്ടാം ബാച്ചായി 4.94 കി.മി ദൈർഘ്യവും 414.70 ലക്ഷം രൂപ അടങ്കൽ തുകയും വരുന്ന 2 റോഡുകൾക്കുള്ള അനുമതിക്കായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റോഡുകളുടെ പേര് വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ